പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1840 05.02.2019-ലെ മറുപടിക്ക്

## കോതമംഗലം ഡിപ്പോയിലെ കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആന്റണി ജോൺ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കോതമംഗലം ഡിപ്പോയിൽ നിന്നും നിലവിൽ എത്ര കെ.എസ്.ആർ. ടി.സി. ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ബസ്സുകൾ ഡിപ്പോയിലേക്ക് പുതിയതായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കോതമംഗലം ഡിപ്പോയിൽ 29.01.2019-ലെ കണക്ക പ്രകാരം 47 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 7 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഹൈറേഞ്ചിന്റെ കവാടവും ഏറെ തീർത്ഥാടകരുള്ളതുമായ കോതമംഗലത്തുനിന്ന് വേളാങ്കണ്ണിയിലേക്കും പളനിയിലേക്കും പുതിയ ബസ്സ് റൂട്ട് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (ബി) | അന്തർസംസ്ഥാന കരാർ പ്രകാരമാണ് കെ.എസ്.ആർ.ടി.സി തമിഴ്നാട്ടിലേയും കർണ്ണാടകയിലെയും വിവിധ ഭാഗങ്ങളിലേയ്ക്ക് സർവ്വീസ് നടത്തി വരുന്നത്. കോതമംഗലത്ത് നിന്നും വേളാങ്കണ്ണിയിലേക്കും പളനിയിലേക്കും പുതുതായി സർവ്വീസ് ആരംഭിക്കുന്നതിന് നിലവിലുള്ള അന്തർസംസ്ഥാന കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ പുതുതായി പ്രസ്തുത സർവ്വീസുകൾ ആരംഭിക്കുവാൻ ഇപ്പോൾ കഴിയുകയില്ല. |
| (സി) | അന്തർസംസ്ഥാന കരാറിന്റെ അടിസ്ഥാനത്തിൽ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കാൻ കഴിയു | (സി) | തമിഴ്നാടുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ രൂപീകരിക്കുന്നതിനായി 2018 ഫെബ്രുവരി 27-ാം തീയതി ഇരു |

| | | | |
|---|---|---|---|
| | മെന്നിരിക്കെ തമിഴ്നാട്ടുമായുള്ള അന്തർ സംസ്ഥാന കരാറിൽ പ്രസ്തുത റൂട്ടുകൾ ഉൾപ്പെടുത്തി കോതമംഗലത്ത് നിന്നും വേളാങ്കണ്ണി, പളനി എന്നിവിടങ്ങളിലേക്ക് ദീർഘദൂര സർവ്വീസ് ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | | സംസ്ഥാനങ്ങളിലേയും ഗതാഗത മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ റൂട്ടുകൾ സംബന്ധിച്ച ധാരണയിൽ എത്തിച്ചേർന്നിട്ടുള്ളതും, പ്രാഥമിക കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. ടി കരാർ അന്തിമ വിജ്ഞാപനം ആകുന്നതോടുകൂടി തമിഴ്നാട്ടിലെ പളനി, വേളാങ്കണ്ണി ഉൾപ്പെടെയുള്ള ഭാഗങ്ങളിലേയ്ക്ക് കേരളത്തിലെ വിവിധ ഭാഗങ്ങളിൽ നിന്ന് കൂടുതൽ അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ഡി) | കെ.എസ്.ആർ.ടി.സി.യുടെ ഡ്യൂട്ടി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് കോതമംഗലത്തെ ആദിവാസി മേഖലയിലേക്കും ഗ്രാമീണ മേഖലകളിലേക്കുമുള്ള പല സർവ്വീസുകളും നിർത്തി വച്ചിരിക്കുന്നതിനാൽ കെ.എസ്.ആർ.ടി.സി.യെ മാത്രം ആശ്രയിക്കുന്ന കോതമംഗലത്തെ ആദിവാസി മേഖലയടക്കം വിവിധ ഗ്രാമീണ മേഖലയിലെ ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഗ്രാമീണ ആദിവാസി മേഖലകളിൽ നിർത്തിവച്ചിട്ടുള്ള സർവ്വീസുകൾ പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ഡി) | ഗ്രാമീണമേഖലയിലേക്കും, ആദിവാസി മേഖലയിലേയ്ക്കുമുള്ള സർവ്വീസുകൾ കോർപ്പറേഷനും പൊതുജനങ്ങൾക്കും ഗുണകരമാകുന്ന രീതിയിൽ ട്രിപ്പുകളെ/ സർവ്വീസുകളെ പുനഃക്രമീകരിച്ച് സർവ്വീസുകൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | ഗ്രാമീണ മേഖലയിലേക്ക് 1000 പുതിയ ബസ്സുകൾ വാങ്ങുന്നതിന് കെ.എസ്.ആർ.ടി.സി. നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇത്തരത്തിൽ പുതിയ ബസ്സുകൾ വാങ്ങുമ്പോൾ കോതമംഗലം ഡിപ്പോയിലേക്ക് കൂടുതൽ ബസ്സ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (ഇ) | പദ്ധതി നിലവിലില്ല. |

**സെക്ഷൻ ഓഫീസർ**